LIBRARY ARCHIVES Kerala Legislative Assembly

ഭൂതത്താൻകെട്ട് പ്രദേശത്തെ പുരാവസ്തുക്കൾ സംരക്ഷിക്കാൻ നടപടികൾ

117(806) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജക മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ട് പ്രദേശത്തെ പുരാവസ്തുക്കൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഭൂതത്താൻകെട്ട് എക്കോ ടൂറിസം ഡവലപ്മെന്റ് സൊസൈറ്റിയുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂതത്താൻകെട്ട് ഉൾപ്പെടുന്ന പെരിയാർ തീരത്തെ പുരാവസ്തു പ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിത സ്മാരകങ്ങളാക്കുന്നതിനുവേണ്ട റവന്യൂ വിവരം എറണാകുളം ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻ ഇവ സംരക്ഷിത സ്മാരകങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അരൂർ മണ്ഡലത്തിൽ സൈറ്റ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ

118(807) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ കടക്കരപ്പള്ളി പഞ്ചായത്ത് അതിർത്തിയിൽ കണ്ടെത്തിയ പായ്ക്കപ്പൽ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിരുന്നിടത്ത് സൈറ്റ് മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർമ്മാണം തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സൈറ്റ് മ്യൂസിയം തുടങ്ങുന്നതിന്റെ മുന്നോടിയായി പായ്ക്കപ്പലിന്റെ സംരക്ഷണത്തിന് ലക്നൗവിലുള്ള നാഷണൽ റിസർച്ച് ലബോറട്ടറിയുടെ സേവനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ എൻ.ആർ.എൽ.സി. ലഭ്യമാക്കിയ

പ്രോജക്ട് റിപ്പോർട്ടിൽ അപാകത ഉണ്ടായിരുന്നതിനാൽ പ്രോജക്ട് റിപ്പോർട്ട് പരിഷ്കരിച്ച് ലഭ്യമാക്കുന്നതിന് 1-10-2009-ൽ എൻ.ആർ.എൽ.സി.-യോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ എൻ.ആർ.എൽ.സി.-യുടെ ഭാഗത്ത് നിന്നും പ്രതികരണം ഉണ്ടാകാത്ത സാഹചര്യത്തിൽ സൈറ്റ് മ്യൂസിയം തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 'കിറ്റ്കോ'-യ്ക്ക് കത്തയച്ചിട്ടുണ്ട്.

(ബി) തയ്യാറാക്കിയിട്ടില്ല.

(സി) 'കിറ്റ്കോ'-യിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കി അതിന്റെ പ്രായോഗികത വിലയിരുത്തി തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

ഇട്ടി അച്ചുതൻ വൈദ്യർ ഉപയോഗിച്ചിരുന്ന കുര്യാലയും കാവും സംരക്ഷിക്കൽ

119(808) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ കടക്കരപ്പള്ളി പഞ്ചായത്തതിർത്തിയിൽ നിലനിൽക്കുന്നതും ഇട്ടി അച്ചുതൻ വൈദ്യർ ഉപയോഗിച്ചിരുന്നതുമായ കുര്യാലയും കാവും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇവിടെ എന്തെല്ലാം കാര്യങ്ങൾ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ അവസ്ഥ വിശദമാക്കുമോ ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ആലപ്പുഴ കളക്ടറോട് റിപ്പോർട്ടാവശ്യപ്പെട്ടത് എന്നാണെന്നും, റിപ്പോർട്ട് ലഭിച്ചതെന്നാണെന്നും വെളിപ്പെടുത്തുമോ :

(ഇ) ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ ഇട്ടി അച്ചുതൻ വൈദ്യരുടെ കുര്യാലയും ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്നതിനായി പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ അയച്ചുതന്ന റവന്യൂ വിശദവിവരത്തിൽ പൊരുത്തക്കേടുകൾ കണ്ടതിനാൽ ശരിയായ വിവരം രേഖപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. കളക്ടറുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചതിനുശേഷം സ്മാരകത്തിന് അനുയോജ്യമായ തരത്തിലുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly